**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഇന്ദിരാ ആവാസ് യോജന പദ്ധതി - അധിക സംസ്ഥാന വിഹിതം - 2016-17 വാർഷിക പദ്ധതി - ഗ്രീൻബുക്ക് ഡോക്കുമെന്റിൽ ഉൾപ്പെടുത്തുന്നത് - പദ്ധതി പ്രൊപ്പോസലിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==============================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ). 537/2016/തസ്വഭവ തിരുവനന്തപുരം, തീയതി, 9.2.2016

==============================================================================

പരാമർശം:

1. തദ്ദേശസ്വയംഭരണ വകുപ്പിലെ 2016-17 വാർഷിക പദ്ധതികളിൽ ഗ്രീൻബുക്ക് ഡോക്കുമെന്റിൽ ഉൾപ്പെടുത്താനുള്ള പദ്ധതികളെ സംബന്ധിച്ചുള്ള പ്ലാൻ പ്രിപ്പറേഷൻ ഗ്രൂപ്പിന്റെ 11.01.2016 ലെ തീരുമാനം.
2. 18.01.2016 ലെ 13753/എഫ്എം2/2015/തസ്വഭവ നമ്പർ കത്ത്.
3. ഗ്രാമ വികസന കമ്മീഷണറുടെ 23.01.2016 തീയതിയിലെ 21558/പി&എം.1/2014/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

2016-17 വാർഷിക പദ്ധതിയുടെ ഗ്രീൻബുക്ക് ഡോക്കുമെന്റിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി ഇന്ദിരാ ആവാസ് യോജന പദ്ധതിയുടെ അധിക സംസ്ഥാന വിഹിതമായി 100 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ഗ്രാമ വികസന കമ്മീഷണർ പരാമർശം 3 പ്രകാരം സമർപ്പിച്ചിരുന്നു.

സർക്കാർ പ്രസ്തുത പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് 2016-17 വാർഷിക പദ്ധതിയുടെ ഗ്രീൻബുക്ക് ഡോക്കുമെന്റിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി ഗ്രാമ വികസന കമ്മീഷണർ സമർപ്പിച്ച ഇന്ദിരാ ആവാസ് യോജന അധിക സംസ്ഥാന വിഹിതത്തിനായുള്ള 100 ലക്ഷം രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. പദ്ധതി നടപ്പിലാക്കുന്ന സന്ദർഭത്തിൽ, ഇന്ദിരാ ആവാസ് യോജന പദ്ധതിയുടെ നോഡൽ ഓഫീസർ എന്ന നിലയിൽ ഗ്രാമവികസന കമ്മീഷണർ പദ്ധതി നടത്തിപ്പ് പുരോഗതി സൂക്ഷ്മമായി വിലയിരുത്തേണ്ടതും പുരോഗതി റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ പദ്ധതി നിർവ്വഹണം നടത്തുമ്പോൾ ശുപാർശ ചെയ്ത തുകയേക്കാൾ തുക ആവശ്യമായി വരുന്ന പക്ഷം ആയത് SDG വഴി കണ്ടെത്തേണ്ടതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ജെയിംസ് വർഗീസ് ഐ.എ.എസ്.,
പ്രിൻസിപ്പൽ സെക്രട്ടറി.

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. സെക്രട്ടറി(പ്ലാനിംഗ് ബോർഡ്), തിരുവനന്തപുരം
3. ധനകാര്യ പ്ലാനിംഗ് വകുപ്പ്
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
6. തദ്ദേശസ്വയംഭരണ(എഫ്.എം.)വകുപ്പ്
7. ഡയറക്ടർ, ഐ.കെ.എം.
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ